"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിജിലൻസ് വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അമരവിള ആർ.ടി.ഒ. ചെക് പോസ്റ്റിൽ 07.03.2024-ൽ നടത്തിയ മിന്നൽ പരിശോധന - അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ആയ ശ്രീ. അയ്യപ്പദാസ് എസ്, ഓഫീസ് അറ്റൻഡന്റ് ശ്രീ. അമൽ ജി ബാബു എന്നിവർക്കെതിരെ തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.158/2026/VIG തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 03/04/2024, 20/12/2024 തീയതികളിലെ ഇ20-(എസ്.സി.3/2024/എസ്ഐയു II)7724/2024/ഡി.വി.എ.സി.ബി നമ്പർ കത്ത്.
2. 24/06/2025 തീയതിയിലെ വിജി-എ3/93/2024-വിജി നമ്പർ കുറ്റാരോപണ മെമ്മോ.
3. ശ്രീ. അമൽ ജി. ബാബു സമർപ്പിച്ച 02/09/2025-ലെ പ്രതിവാദ പത്രിക.
4. ശ്രീ. അയ്യപ്പദാസ് എസ്. സമർപ്പിച്ച 24/09/2025-ലെ പ്രതിവാദ പത്രിക.
5. ട്രാൻസ്പോർട്ട് കമ്മീഷണറുടെ 06/02/2026-ലെ ജി3/203/2025/റ്റിസി നമ്പർ കത്ത്.

**ഉത്തരവ്**

അമരവിള ആർ.ടി.ഒ ചെക്ക് പോസ്റ്റിലെ അഴിമതിയും ക്രമക്കേടുകളും സംബന്ധിച്ച് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ 07/03/2024 തീയതിയിൽ അമരവിള ആർ.ടി.ഒ. ചെക്ക് പോസ്റ്റിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ എസ്.ഐ.യു-2 യൂണിറ്റ് ഒരു മിന്നൽ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. മിന്നൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

(a) അമരവിള RTO ചെക്ക് പോസ്റ്റിനെ സംബന്ധിച്ച സോഴ്സ് റിപ്പോർട്ടിൽ പരാമർശിക്കും പ്രകാരമുള്ള ആക്ഷേപങ്ങൾ കണ്ടെത്തുന്നതിനായി നടത്തിയ മിന്നൽ പരിശോധനയിൽ ടി ചെക്ക് പോസ്റ്റിനുള്ളിൽ ഉദ്യോഗസ്ഥർ വാങ്ങുന്ന കൈക്കൂലിപണം സൂക്ഷിക്കുന്നതിലേയ്ക്കായി ടി ചെക്ക് പോസ്റ്റിന് സമീപം താമസിക്കുന്ന കുമാരി ഷീജ എൽ. ദാസ് @ ബിനി എന്നയാളെ ഉദ്യോഗസ്ഥർതന്നെ ഏജന്റായി ഏർപ്പെടുത്തിയിട്ടുള്ളതായും ടി ഏജന്റ് മിന്നൽ പരിശോധനാസമയം ടി ചെക്ക് പോസ്റ്റിനുള്ളിൽതന്നെ ഉണ്ടായിരുന്നതായും കണ്ടെത്തിയിട്ടുള്ളതാണ്.

(b) മിന്നൽ പരിശോധന ദിവസം ടി ചെക്ക് പോസ്റ്റിനുള്ളിൽ നിന്നും, RTO ഉദ്യോഗസ്ഥരുടെ ഏജന്റായി പ്രവർത്തിക്കുന്ന റ്റീ ഷോപ്പ് ജീവനക്കാരി കുമാരി ഷീജ എൽ. ദാസ് @ ബിനി എന്നയാളുടെ

കൈവശത്തുനിന്നും, ടിയാളുടെ വാഹനത്തിനുള്ളിൽ നിന്നും, കൂടാതെ ടിയാളുടെ വീട്ടിൽ നിന്നും കണ്ടെത്തിയ തുകകൾ ഉൾപ്പെടെ ആകെ 20,400/- രൂപ 06/03/2024 തീയതി മുതൽ ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിലുണ്ടായിരുന്ന A.M.V.I. ശ്രീ. അയ്യപ്പദാസ് എസ്സ്., O.A. ശ്രീ. അമൽ ജി. ബാബു എന്നിവർ കൈക്കൂലിയായി സ്വീകരിച്ചിരുന്ന പണമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

(c) മിന്നൽ പരിശോധനാസമയം ടി ചെക്ക് പോസ്റ്റിനുള്ളിൽ കാണപ്പെട്ട ഏജന്റ് കുമാരി ഷീജ എൽ. ദാസ് @ ബിനി എന്നയാളുടെ കൈവശം കണ്ടെത്തിയ കൈക്കൂലിപണമായ 500/- രൂപയും, ചെക്ക് പോസ്റ്റിന് സമീപം പാർക്ക് ചെയ്തിരുന്ന ടിയാളുടെ സ്കൂട്ടറിനുള്ളിൽ നിന്നും കണ്ടെത്തിയ 2,500/- രൂപയും, ടി ഏജന്റിന്റെ വീട്ടിൽ നിന്നും കണ്ടെടുത്ത കൈക്കൂലിപണമായ 15,500/- രൂപയും ഉൾപ്പെടെ ആകെ 18,500/- രൂപ 06.03.2024 തീയതി മുതൽ ടി ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന A.M.V.I. ശ്രീ അയ്യപ്പദാസ്, O.A ശ്രീ. അമൽ ജി. ബാബു എന്നീ ഉദ്യോഗസ്ഥർ സൂക്ഷിക്കുന്നതിലേക്കായി കൈമാറിയിരുന്നതാണെന്ന് വെളിവായിട്ടുള്ളതാണ്.

(d) മിന്നൽ പരിശോധന സമയം വിജിലൻസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ടി ചെക്ക് പോസ്റ്റിൽ എത്തിയ ചരക്ക് വാഹനങ്ങളുടെ ഡ്രൈവർമാർ ബില്ല്/പാസ്സ് സീൽ പതിക്കുന്നതിന് വേണ്ടി കൈക്കൂലിയായി നൽകിയ 1400/- രൂപ പിടിച്ചെടുക്കാൻ ഇടയായത്, ടി ചെക്ക് പോസ്റ്റിലെ ജീവനക്കാർ സ്ഥിരമായി ഡ്രൈവർമാരിൽ നിന്നും കൈക്കൂലിപണം സ്വീകരിച്ച ശേഷം യാതൊരുവിധ പരിശോധനയും കൂടാതെയാണ് വാഹനങ്ങൾ കടത്തിവിട്ടിരുന്നതെന്ന് വെളിവാക്കുന്നു. ഇത്തരം പ്രവൃത്തികൾ സർക്കാരിന് വൻ തുകകൾ നികുതിവരുമാന ചോർച്ച ഉണ്ടാക്കുന്നു.

(e) മിന്നൽ പരിശോധന സമയം ടി ചെക്ക് പോസ്റ്റിനുള്ളിൽ ജീവനക്കാർ വിശ്രമിക്കുന്ന മുറിക്കുള്ളിൽ നിന്നും കണക്കിൽപെടാതെ സൂക്ഷിച്ചിരുന്ന 500/- രൂപ കൈക്കൂലിയായി സ്വീകരിച്ചിരുന്നതാണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതാണ്.

(f) ഏജന്റായ കുമാരി ഷീജ എൽ. ദാസ് @ ബിനിയുടെ വാട്ട്സാപ്പ് ചാറ്റ് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ടി ചെക്ക് പോസ്റ്റിലെ ഉദ്യോഗസ്ഥരായ A.M.V.I. ശ്രീ. അയ്യപ്പദാസ് എസ്സ്, A.M.V.I. ശ്രീ. രാജേഷ് ജെ, A.M.V.I. ശ്രീ.അനൂപ്, O.A. ശ്രീ. അമൽ ജി. ബാബു. O.A. ശ്രീ. ഷിറാസ് ഖാൻ എന്നിവരെല്ലാം ടി ഏജന്റുമായി അർദ്ധ രാത്രികളിൽ ഉൾപ്പെടെ നിശ്ചിത ഇടവേളകളിൽ കൈക്കൂലിപണം കൈമാറുന്നതിലേക്കായി വാട്ട്സാപ്പ് മുഖാന്തിരം ബന്ധപ്പെട്ടിരുന്നതായി വെളിവായിട്ടുള്ളതാണ്.

(g) ടി ഏജന്റിന് ഉദ്യോഗസ്ഥർ അയച്ചുനൽകിയിരുന്ന 'Whatsapp chat' വിവരങ്ങളിൽ നിന്നും, ഏജന്റിനേയും ഉദ്യോഗസ്ഥരേയും നേരിൽകണ്ട് ചോദിച്ച് മനസ്സിലാക്കിയതിൽ നിന്നും ടി ചെക്ക് പോസ്റ്റ് മേലധികാരിയായ മോട്ടോർ വെഹിക്കൾ ഇൻസ്പെക്ടർ ശ്രീ. പ്രവീൺ കുമാർ ടി ഏജന്റുമായി വാട്ട്സാപ്പ് മുഖാന്തരം ബന്ധപ്പെട്ടിരുന്നതായും, ടിയാൻ ടി ഏജന്റിൽ നിന്നും അതാത് ദിവസങ്ങളിൽ ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർ സ്വീകരിക്കുന്ന കൈക്കൂലിപണത്തിന്റെ വിഹിതം കൈപ്പറ്റിയിരുന്നതായും വെളിവായിട്ടുള്ളതാണ്.

(h) മോട്ടോർ വാഹന വകുപ്പ് ചെക്ക്പോസ്റ്റുകളിൽ നിന്നും നേരിട്ട് ലഭിക്കുന്ന സേവനങ്ങൾക്ക് വേണ്ടിയുള്ള ഫീസ് ആധുനിക രീതിയിലുള്ള online സംവിധാനങ്ങളിലൂടെയല്ല സ്വീകരിക്കുന്നതെന്നും ഇത്തരം സേവനങ്ങൾക്കായി കറൻസി നോട്ട് ഇടപാടുകളാണ് നടന്നുവരുന്നതെന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതാണ്.

3. അമരവിള RTO ചെക്ക് പോസ്റ്റിൽ മിന്നൽ പരിശോധന നടത്തിയ ദിവസം ടി ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന Assistant Motor Vehicle Inspector ശ്രീ. അയ്യപ്പദാസ് എസ് (PEN: 437005 DoR: 31/05/2038), Office Attendant ശ്രീ. അമൽ ജി ബാബു എന്നിവർക്കെതിരെ വിജിലൻസ്

ട്രിബ്യൂണൽ മുഖേന അന്വേഷണം നടത്തുന്നതിന് ശിപാർശ ചെയ്തുകൊണ്ട് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

4. വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ശ്രീ. അയ്യപ്പദാസ് എസ്സ്. AMVI, (PEN:437005), ശ്രീ. അമൽ ജി. ബാബു, ഓഫീസ് അറ്റൻഡന്റ് (PEN:893072 ) എന്നിവർക്കെതിരെ വിജിലൻസ് ട്രിബ്യൂണൽ മുഖേന അന്വേഷണം നടത്തുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊണ്ട് ഇരുവർക്കും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് കുറ്റാരോപിതർ പരാമർശം (3), (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുമുണ്ടായി. കുറ്റാരോപിതരുടെ പ്രതിവാദ പത്രികയിന്മേൽ ഗതാഗത കമ്മീഷണർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

5. വിജിലൻസ് നടത്തിയ ടി മിന്നൽ പരിശോധനയിൽ തങ്ങളുടെ കൈവശത്ത് നിന്നോ, ആ സമയം ചുമതലയിൽ ഉണ്ടായിരുന്ന ചെക്ക് പോസ്റ്റിലെ ക്യാഷ് ചെസ്റ്റിൽ നിന്നോ, തങ്ങൾ റെസ്റ്റ് ചെയ്യുന്നതിന് ഉപയോഗിച്ച് വന്നിരുന്ന ബിസ്മി ടൂറിസ്റ്റ് ഹോമിലെ മുറിയിൽ നിന്നോ അനധികൃതമായ യാതൊരു പണവും കണ്ടെത്തിയിരുന്നില്ലെന്നും ഓഫീസിനോട് ചേർന്നുള്ള റെസ്റ്റ് റൂമിൽ നിന്നും 500/- രൂപയുടെ ഒരു കറൻസി നോട്ട് കണ്ടെത്തിയതായി പറയുന്നത് ആരോ അവിടെ മറന്ന് വച്ച തുകയാണെന്നും ടി ചെക്ക് പോസ്റ്റുമായി യാതൊരു ബന്ധവുമില്ലാത്ത തൊട്ടടുത്ത് ചായക്കട നടത്തി വന്നിരുന്ന ഒരു സ്ത്രീയുടെ കൈവശത്ത് നിന്നും, വാഹനത്തിൽ നിന്നും, കൂടാതെ ടിയാളുകളുടെ വീട്ടിൽ നിന്നും കണ്ടെടുത്തതായി പറയുന്ന പണത്തിന് അമരവിള ചെക്ക് പോസ്റ്റുമായോ, ടിയാളുകളുമായോ യാതൊരു ബന്ധവുമില്ലെന്നും ചില ഡ്രൈവർമാർ മേശപ്പുറത്ത് വച്ചതായി പറഞ്ഞ പണം അവരുടെ RC ബുക്കുകകളിൽ ഇരുന്നത് അവരെക്കൊണ്ട് വിജിലൻസ് ഉദ്യോഗസ്ഥർ എടുപ്പിച്ച് മേശപ്പുറത്ത് വയ്പിച്ച ശേഷം എണ്ണി എടുത്തതാണെന്നുമാണ് കുറ്റാരോപിതർ പ്രതിവാദ പത്രികയിൽ വാദിച്ചിട്ടുള്ളത്. ആയതിനാൽ മേൽപ്പറഞ്ഞ കുറ്റാരോപണങ്ങൾ എല്ലാം തന്നെ വസ്തുതകൾക്ക് നിരക്കാത്തതും തികച്ചും അടിസ്ഥാന രഹിതവുമാണെന്നും, അവയെല്ലാം വിജിലൻസ് ഉദ്യോഗസ്ഥർക്ക് ഉണ്ടായ തെറ്റിദ്ധാരണ മൂലമുള്ള അവരുടെ ഊഹാപോഹങ്ങളിൽ നിന്നും ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളാണെന്നും അവയൊന്നും വസ്തുതാപരമായി നിലനിൽക്കുന്നതല്ലെന്നും ടിയാളുകൾ വാദിക്കുന്നു. നാളിതുവരെയുള്ള തന്റെ ഔദ്യോഗിക ജീവിതത്തിനിടയിൽ അങ്ങേയറ്റം സാമൂഹ്യ പ്രതിബദ്ധതയോടെയും നിയമ വ്യവസ്ഥകൾക്കനുസൃതമായും മാത്രമാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും അതുകൊണ്ട് തന്നെ സ്തുത്യർഹമായ സേവനത്തിന് മൂന്ന് തവണ ശ്രീ.അയ്യപ്പദാസിന് ഗുഡ് സർവീസ് എൻട്രി ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥനാണെന്നും ആയതിനാൽ തന്നെ തുടർ നടപടികളിൽ നിന്നും ഇരുവരെയും ഒഴിവാക്കണമെന്ന് പ്രതിവാദ പത്രികയിൽ അഭ്യർത്ഥിക്കുകയുണ്ടായി.

6. കുറ്റാരോപിതരായ ശ്രീ. അയ്യപ്പദാസ് എസ്സ്. , ശ്രീ. അമൽ ജി. ബാബു എന്നവിരുടെ അഭ്യർത്ഥന പ്രകാരം വിജിലൻസ് (എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാളുകളെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിലും കുറ്റാരോപിതർ പ്രതിവാദ പത്രികയിൽ സമർപ്പിച്ച വാദം ആവർത്തിക്കുകയുണ്ടായി.

7. സർക്കാർ ഈ വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. അമരവിള RTO ചെക്ക് പോസ്റ്റിൽ വിജിലൻസ് ഉദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും കുറ്റാരോപിതർ സമർപ്പിച്ച

പ്രതിവാദപത്രികയിലെ വിശദീകരണത്തിന്റെയും ഗതാഗത കമ്മീഷണറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ചുവടെ കൊടുക്കുന്ന നിഗമനങ്ങളിലെത്തുന്നു.

(a) കുറ്റാരോപിതർ കാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്ന തുകയുടെയും മിന്നൽ പരിശോധനാ സമയം കൈവശം ഉണ്ടായിരുന്ന തുകയുടെയും അന്തരം സംബന്ധിച്ച് നൽകിയ വിശദീകരണം അംഗീകരിക്കാവുന്നതാണ്.

(b) ഓഫീസിനുള്ളിലെ റെസ്റ്റ് റൂമിലെ ഇരുമ്പ് ബോക്സിന് മുകളിൽ കാണപ്പെട്ട 500/- രൂപയുടെ കറൻസി നോട്ട് സംബന്ധിച്ച് കുറ്റാരോപിതർ ഇരുവർക്കും തൃപ്തികരമായ വിശദീകരണം നൽകാൻ കഴിഞ്ഞിട്ടില്ല.

(c) മിന്നൽ പരിശോധനാ സമയത്ത് വിവിധ ചരക്കു വാഹനങ്ങളുടെ ഡ്രൈവർമാർ ബില്ല്, പെർമിറ്റ് എന്നിവയിൽ സീൽ പതിപ്പിക്കാൻ ചെക്ക് പോസ്റ്റ് കൗണ്ടറിൽ വന്നപ്പോൾ 1400/- രൂപയുടെ കറൻസി നോട്ടുകൾ വയ്ക്കുകയുണ്ടായി. ടി ചരക്കുവാഹനങ്ങളുടെ ഭാരം സ്വകാര്യ weigh bridge-ൽ പരിശോധിച്ചപ്പോൾ, രണ്ടു വാഹനങ്ങളിൽ overload കണ്ടെത്തുകയും, രണ്ടു വാഹനങ്ങളിൽ നിന്നുമായി ആകെ 53000/- രൂപ പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തു. വിജിലൻസ് പരിശോധന ആരംഭിക്കുന്നതിന് മുമ്പുള്ള മണിക്കൂറുകളിൽ ഏതെങ്കിലും ചരക്ക് വാഹനം overload ഉണ്ടെന്ന സംശയം തോന്നി പരിശോധിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തതായി രേഖകളില്ല. ഇതിൽനിന്നും, അമിതഭാരം കയറ്റിവന്നിരുന്ന ചരക്ക് വാഹനങ്ങളിൽ യാതൊരു വിധ പരിശോധനയും കൂടാതെ RTO ഉദ്യോഗസ്ഥർ, ഡ്രൈവർമാരിൽ നിന്നും കൈക്കൂലിപ്പണം വാങ്ങി വാഹനങ്ങൾ കടത്തിവിട്ടിരുന്നതായി അനുമാനിക്കാവുന്നതാണ്.

(d) RTO ഉദ്യോഗസ്ഥരുടെ ഏജന്റെന്നു സംശയിക്കുന്ന ചായക്കട നടത്തുന്ന കുമാരി ഷീജയുടെ കൈവശം കാണപ്പെട്ട 500/- രൂപ, AMVI അയ്യപ്പദാസ് ടിയാളുടെ കൈവശം സൂക്ഷിക്കാൻ ഏൽപ്പിച്ചതാണെന്ന് ടിയാൾ മൊഴി നൽകിയിട്ടുണ്ട്. കുമാരി ഷീജയുടെ കൈവശമുണ്ടായിരുന്ന മൊബൈലിൽ രണ്ട് വാട്സ് ആപ്പ് നമ്പർ ആക്ടീവ് ആയിരുന്നു. ഒരു നമ്പരിൽ നിന്നും മറ്റൊരു നമ്പരിലേക്ക് അയച്ച മെസേജുകൾ പരിശോധിച്ചപ്പോൾ 30/01/2024 തീയതി മുതൽ വിവിധ സംഖ്യകൾ ടൈപ്പ് ചെയ്തിട്ടുള്ളതായും തുകകൾ എഴുതിയ സ്ലിപ്പുകളുടെ ഫോട്ടോകളും മറ്റും അയച്ചതായും കാണപ്പെട്ടിരുന്നു. പരിശോധനാ ദിവസമായ 07/03/2024 തീയതിയിലെ മെസേജുകൾ പരിശോധിച്ചപ്പോൾ, 4500/-, 3500/-, 3500/-, 1000/-, 1500/- എന്നിങ്ങനെയുള്ള തുകകൾ അയച്ചതായി കാണപ്പെട്ടു. AMVI ശ്രീ. അയ്യപ്പദാസ്, ഓഫീസ് അറ്റൻഡന്റ് ശ്രീ. അമൽ ജി ബാബു എന്നിവർ വിവിധ സമയങ്ങളിൽ സ്വീകരിച്ച കൈക്കൂലി പണം സൂക്ഷിക്കാൻ ഏൽപ്പിച്ചതാണെന്ന് കുമാരി ഷീജ മൊഴി നൽകിയിട്ടുണ്ട്. അവസാനം സൂചിപ്പിച്ച 1000/- രൂപ, 1500/- രൂപ എന്നിവ ടിയാളുടെ ആക്ടീവ സ്കൂട്ടറിൽ ഉണ്ടെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ 2500/- രൂപ കണ്ടെടുത്തിട്ടുള്ളതാണ്. കുമാരി ഷീജയുടെ മൊഴി പ്രകാരം ടിയാളുടെ വീട് പരിശോധിച്ചപ്പോൾ വാഷിങ് മെഷീനിൽ ഒളിപ്പിച്ച രീതിയിൽ 15,500/- രൂപ കണ്ടെടുക്കുകയുണ്ടായി. 06/03/2024 തീയതി രാവിലെ 8.00 മണി മുതൽ RTO ഉദ്യോഗസ്ഥർ പല തവണകളായി തന്നെ സൂക്ഷിക്കാൻ ഏൽപ്പിച്ച പണമാണതെന്ന് കുമാരി ഷീജ വിജിലൻസ് ഉദ്യോഗസ്ഥരോട് സമ്മതിക്കുകയുണ്ടായി. കുറ്റാരോപിതരും തൊട്ടു മുമ്പുള്ള ദിവസങ്ങളിൽ ഡ്യൂട്ടി നോക്കിയിരുന്ന RTO ഉദ്യോഗസ്ഥരും സ്ഥിരമായി കുമാരി ഷീജയെ വാട്സ് ആപ്പ് വോയ്സ് കാൾ ചെയ്യാറുണ്ടായിരുന്നുവെന്ന് ടിയാളുടെ മൊബൈൽ പരിശോധിച്ചതിൽ നിന്നും വിജിലൻസ് ടീമിന് ബോധ്യം വന്നിട്ടുള്ളതും ആയത് കുമാരി ഷീജ സമ്മതിച്ചിട്ടുള്ളതുമാണ്. കൈക്കൂലി പണം സൂക്ഷിക്കാനായിട്ടാണ് ടിയാളുകൾ വിളിക്കുന്നതെന്ന് കുമാരി ഷീജ മൊഴി നൽകിയിട്ടുമുണ്ട്. കൈക്കൂലി പണം സൂക്ഷിക്കുന്നതിനുള്ള പ്രതിഫലമായി ദിനംപ്രതി 1000/-

ത്രപ ഉദ്യോഗസ്ഥർ നൽകാറുണ്ടെന്നും ടിയാൾ മൊഴി നൽകുകയുണ്ടായി.

(e) മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ കുറ്റാരോപിതരും അമരവിള ചെക്ക് പോസ്റ്റിൽ തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ ജോലി നോക്കിയിരുന്ന ഉദ്യോഗസ്ഥരും വാഹനങ്ങളുടെ ഡ്രൈവർമാരിൽനിന്ന് കൈക്കൂലി പണം സ്വീകരിക്കുകയും യാതൊരു പരിശോധനയും കൂടാതെ വാഹനങ്ങൾ കടത്തിവിടുകയും സർക്കാരിന് വൻ തുകകൾ നികുതി വരുമാന ചോർച്ച ഉണ്ടാക്കുകയും ചെയ്തതായി അനുമാനിക്കാവുന്നതാണ്.

8. മേൽ സാഹചര്യത്തിൽ, അമരവിള RTO ചെക് പോസ്റ്റിൽ മിന്നൽ പരിശോധന നടത്തിയ ദിവസം ടി ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന AMVI ശ്രീ. അയ്യപ്പദാസ് എസ്, ഓഫീസ് അറ്റൻഡന്റ് ശ്രീ. അമൽ ജി ബാബു എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസ് (വിജിലൻസ് ട്രിബ്യൂണൽ) റൂൾസ് 1960 പ്രകാരം തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണൽ മുഖേന വിശദമായ അന്വേഷണം നടത്തുന്നതിന് ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

9. പരാമർശത്തിലെ രേഖകൾ, ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ച മറ്റ് രേഖകൾ എന്നിവ തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണലിന് ഇതോടൊപ്പം കൈമാറുന്നു. സർക്കാരിന് വേണ്ടി തിരുവനന്തപുരം വിജിലൻസ് ട്രിബ്യൂണൽ മുമ്പാകെ ഈ കേസ് നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-നെ ചുമതലപ്പെടുത്തുന്നു.

10. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും കൃത്യതയോടെ തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണൽ മുമ്പാകെ അവതരിപ്പിക്കുന്നതിന് ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ-ന് ആവശ്യമായ സഹായം വിജിലൻസ് ആന്റ് ആൻഡി കറപ്ഷൻ ബ്യൂറോ ഡയറക്ടർ/ഗതാഗത കമ്മീഷണർ എന്നിവർ നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഹസീന പി. എസ്

ജോയിന്റ് സെക്രട്ടറി

വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം (ഇതോടൊപ്പമുള്ള പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു. രേഖകൾ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

ശ്രീ. അയ്യപ്പദാസ് എസ്, അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ (ഗതാഗത കമ്മീഷണർ മുഖാന്തിരം)

ശ്രീ. അമൽ ജി ബാബു, ഓഫീസ് അറ്റൻഡന്റ്, (ഗതാഗത കമ്മീഷണർ മുഖാന്തിരം)

ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ലീഗൽ അഡ്വൈസർ/അഡീഷണൽ ലീഗൽ അഡ്വൈസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

ഗതാഗത വകുപ്പ്

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Mini T R
Date: 28-07-2026
13:06:43

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.